# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 77 11.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. സത്യൻ | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതി നടപ്പാക്കാൻ യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെയാണ്; കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാതിരുന്നതിനാൽ ഏതെങ്കിലും കമ്പനിക്ക് അയോഗ്യത ഉണ്ടായിട്ടുണ്ടോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുവേണ്ടി ടേംസ് ഓഫ് റഫറൻസിന് 2011 ജൂലൈ മാസത്തിൽ അംഗീകാരം ലഭ്യമായതിനെ തുടർന്ന്, നടക്കുന്ന പാരിസ്ഥിതിക പഠനം 2012 ജൂൺ 30 നു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ പാരിസ്ഥിതിക പഠനത്തിനു സമാന്തരമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളും സമയബന്ധിതമായി നടത്തി വരുന്നു.<br><br>1. തുറമുഖ നിർമ്മാണത്തിനായുള്ള ഇ.പി.സി ടെൻഡർ ഡോക്യുമെന്റും മാസ്റ്റർ പ്ലാനും തയ്യാറാക്കൽ<br><br>2. പദ്ധതി ചെലവ് 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. പദ്ധതിയ്ക്ക് ആവശ്യമായ |

ധനസമാഹരണത്തിനായുള്ള നടപടികൾ ധ്രുതഗതിയിൽ നടക്കുന്നു. 810 കോടി രൂപയുടെ സർക്കാർ ബോണ്ട് നല്കുന്നതിനു മുന്നോടിയായുള്ള റേറ്റിംഗ് നടപടികൾ കഴിഞ്ഞിട്ടുണ്ട്. എൽ.ഐ.സി, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി 800 കോടി രൂപയുടെ ലോൺ ലഭ്യമാക്കുന്നതിനും എസ്.ബി.റ്റി. നേതൃത്വം കൊടുക്കുന്ന ബാങ്ക് കൺസോർഷ്യങ്ങൾ വഴി 300 കോടി രൂപയുടെ ലോണിനുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കി വരുന്നു.

3. പോർട്ട് ഓപ്പറേറ്റർ ആയി തെരഞ്ഞെടുക്കപ്പെടുന്നതിന് സാങ്കേതിക യോഗ്യത നേടിയ കമ്പനികൾ കൺസോർഷ്യം ഓഫ് വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് (ഇന്ത്യ) ഉം മുന്ദ്ര പോർട്ട് & സ്പെഷ്യൽ ഇക്കോണമിക് സോൺ ലിമിറ്റഡ് ഉം ആണ്. ഇതിൽ മുന്ദ്ര പോർട്ടിനു കേന്ദ്ര സർക്കാരിൽ നിന്നും സുരക്ഷാ അനുമതി ലഭിക്കാത്തതിനാൽ അവരുടെ ഫിനാൻഷ്യൽ ബിഡ്ഡ് തുറക്കുന്നതിനുള്ള യോഗ്യത അവർ നേടിയിരുന്നില്ല.

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പാക്കാൻ യോഗ്യത നേടിയ കമ്പനിയുടെ സാമ്പത്തിക ടെണ്ടർ തുറന്നുവോ; തുടർന്ന് വിലപേശൽ നടത്തുകയുണ്ടായോ; ഇതിനായി ചുമതലപ്പെടുത്തിയ നാലംഗ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വിലപേശൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പ്രവർത്തന പങ്കാളിയെ അന്തിമമായി | (ബി) | പദ്ധതി നടപ്പാക്കാൻ യോഗ്യത നേടിയ വെൽസ്പൺ കൺസോർഷ്യത്തിന്റെ സാമ്പത്തിക ടെൻഡർ തുറന്നിട്ടുണ്ട്. പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിലേയ്ക്കായി നിയോഗിച്ച ബിഡ്ഡ് നെഗോസ്യേഷൻ കമ്മിറ്റി രണ്ട് പ്രാവശ്യം വിലപേശൽ നടത്തുകയുണ്ടായി. പ്രസ്തുത |

| | | | |
|---|---|---|---|
| | തീരുമാനിക്കുകയുണ്ടായോ; അവരുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടോ; | | കമ്മിറ്റിയിലെ അംഗങ്ങൾ ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി, തുറമുഖ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡ് എന്നിവരാണ്<br><br>30 കൊല്ലത്തെ പാട്ടത്തിനു ഏറ്റെടുക്കുന്നതിനായി ആദ്യ 16 വർഷത്തേയ്ക്ക് 479.54 കോടി രൂപ ഗ്രാന്റായി വെൽസ്പൺ കൺസോർഷ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അവരുമായി നടത്തിയ നെഗോസ്യേഷൻ മൂലം ഗ്രാന്റിൽ നിന്നും 20.05 (NPV) കോടി രൂപയുടെ കുറവു വരുത്തുന്നതിനു കൺസോർഷ്യം സമ്മതിച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത കമ്പനിയ്ക്കു തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി കോൺട്രാക്ട് ലഭിക്കുകയാണെങ്കിൽ 21 കോടി രൂപ കൂടി കുറയ്ക്കുന്നതിനും സമ്മതിച്ചിട്ടുണ്ട്. ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയുണ്ടായി. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രവർത്തന പങ്കാളിയെ തെരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ എഗ്രിമെന്റ് വച്ചിട്ടില്ല. |
| (സി) | പദ്ധതിയുടെ അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുകയിൽ ഇതിനകം എന്തു | (സി) | ഇല്ല.<br>പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി നടത്തി വരുന്നു. വൈദ്യുതി |

തുക ചെലവായി എന്ന്
വ്യക്തമാക്കുമോ?

എത്തിയ്ക്കുന്നതിനുള്ള
ടെൻഡർ നടപടികൾ
കെ.എസ്.ഇ.ബി വഴി
പൂർത്തിയാക്കി.
600 മീറ്റർ നീളമുള്ള
താൽക്കാലിക റോഡിന്റെ
നിർമ്മാണ പ്രവർത്തനങ്ങൾ
അവസാന ഘട്ടത്തിലായിട്ടുണ്ട്.

പദ്ധതിയ്ക്കാവശ്യമായ
റെയിൽപാതയുടെ സർവ്വേ
പൂർത്തിയാക്കി.

തുറമുഖ പദ്ധതിയ്ക്കായി
തന്നാണ്ടിലെ ബഡ്ജറ്റിൽ 223.68
കോടി രൂപ
വകയിരുത്തിയിട്ടുണ്ട്. ഈ
തുകയിൽ നിന്നും ഇതുവരെ
ചെലവുകൾ നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ